'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

നം.234/ഡി സി.1/19/ത.സ്വ.ഭ.വ.

തദ്ദേശ സ്വയം ഭരണ (ഡി സി )വകുപ്പ്
തിരുവനന്തപുരം,
തീയതി: 14/06/2019

**സർക്കുലർ**

വിഷയം:- ത.സ്വ.ഭ.വ - മലിനീകരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾക്കെതിരെ നിലവിലുള്ള നിയമങ്ങളും ശിക്ഷകളും സംബന്ധിച്ച് പൊതു ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ക്യാമ്പയിൻ - മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**********************

സംസ്ഥാനത്ത് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുമ്പോഴും മാലിന്യ സംസ്കരണ പ്രവത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്ന പ്രദേശങ്ങളിൽ ഉൾപ്പടെ പൊതു സ്ഥലത്തും, ഓടകളിലും, ജലാശയങ്ങളിലും മാലിന്യങ്ങൾ വലിച്ചെറിയുകയും കത്തിക്കുകയും ചെയ്യുന്ന സ്ഥിതി തുടരുകയാണ്. നിയമനടപടികൾ കൂടി കർശനമായി നടപ്പിലാക്കിയാൽ മാത്രമേ ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ കഴിയൂ. വിവിധ തരം മലിനീകരണ പ്രവർത്തനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് സഹായകരമായ രീതിയിൽ വിവിധ നിയമങ്ങളുടെ പ്രസക്ത ഭാഗങ്ങൾ ഉൾക്കൊള്ളിച്ച് '**ഹരിത നിയമങ്ങൾ**' എന്ന പേരിൽ ഒരു കൈപ്പുസ്തകം ഹരിതകേരളം മിഷനും, കിലയും ചേർന്ന് തയാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പുസ്തകം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും എത്തിക്കുകയും ഒരു ഘട്ടം പരിശീലനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

മലിനീകരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾക്കെതിരെ നിലവിലുള്ള നിയമങ്ങളും ശിക്ഷകളും പൊതു ജനങ്ങളെ കൂടി ബോധവൽക്കരിക്കുന്നതിനുള്ള ബൃഹത്തായ ഒരു ക്യാമ്പയിൻ പരിപാടി ഹരിതകേരളം മിഷൻ ആസൂത്രണം ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് തലം വരെ എത്തുന്ന ഈ ക്യാമ്പയിൻ പരിപാടിയിൽ 20 ലക്ഷം പേർക്ക് പരിശീലനം നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഹരിത കേരളം മിഷൻ ആസൂത്രണം ചെയ്തിട്ടുള്ള ഹരിത നിയമ ബോധവൽക്കരണ ക്യാമ്പയിൻ പരിപാടിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് താഴെ പറയുന്ന മാർഗ്ഗനിർദേശങ്ങൾ നൽകുന്നു.

- ഹരിത കേരളം മിഷൻ ആസൂത്രണം ചെയ്തിട്ടുള്ള ഹരിത നിയമബോധവൽക്കരണ ക്യാമ്പയിൻ പരിപാടിയിൽ ഗ്രാമപഞ്ചായത്ത്/നഗരസഭാ/കോർപ്പറേഷൻ സെക്രട്ടറിമാർ സജീവമായി ഇടപെടുന്നതോടൊപ്പം ഹരിത നിയമബോധവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി വിവിധ തലങ്ങളിൽ നടക്കുന്ന പരിശീലനങ്ങളിൽ അതാത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള പങ്കാളിത്തം പൂർണ്ണമായും ഉറപ്പുവരുത്തേണ്ടതാണ്.

- എല്ലാ വാർഡുകളിലും പരിശീലനം നടക്കുന്നുവെന്ന് ഗ്രാമപഞ്ചായത്ത്/നഗരസഭാ/കോർപ്പറേഷൻ സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.
- മേൽ വിഷയങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ ഉൾപ്പെടുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ പുറപ്പെടുവിക്കേണ്ടതാണ്.
- മലിനീകരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾക്കെതിരെ കർശനമായ നിയമ നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

SINDHU. L.
SPECIAL SECRETARY

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
മാനേജിംഗ് ഡയറക്ടർ, ക് ളീൻ കേരള കമ്പനി, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്